**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.06.2018-ൽ മറുപടിക്ക്**

**നമ്പർ.1990**

**മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം) അദ്ധ്യാപകരുടെ നിയമന ഇന്റർവ്യൂ**

**ചോദ്യം**

**ശ്രീ.കെ.എൻ.എ.ഖാദർ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം) അദ്ധ്യാപകരുടെ നിയമന ഇന്റർവ്യൂ തിരുവനന്തപുരം പി.എസ്.സി. ഓഫീസിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. ടി തസ്തികയുടെ ഇന്റർവ്യൂ 20.06.2018 മുതൽ 29.06.2018 വരെ തിരുവനന്തപുരത്ത് പി.എസ്.സി.യുടെ ആസ്ഥാന ഓഫീസിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയുടെ ഇന്റർവ്യൂവിന് ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം കേന്ദ്ര ഓഫീസിൽ എത്തിച്ചേരാനുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് അത് മലപ്പുറം ജില്ലാ പി.എസ്.സി. ഓഫീസിൽ വച്ച് നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) യും (സി) യും | സംസ്ഥാനത്തെ ഏറ്റവും കൂടുതൽ vacancy കൾ ഉള്ളതും കൂടുതൽ ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുള്ളതുമായ LPSA short list ആണ് മലപ്പുറം ജില്ലയിൽ ഉള്ളത്. മലപ്പുറം ജില്ലയിൽ നിലവിൽ UPSA യുടെ interview നടന്നുകൊണ്ടിരിക്കുകയാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭ്യമായ ഒരു interview Hall മാത്രം ഉപയോഗിച്ചു കൊണ്ട് ഇന്റർവ്യൂ നടത്തുമ്പോൾ Rank list പ്രസിദ്ധീകരിക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുന്നതിനും അതുപോലെ ഈ അദ്ധ്യയന വർഷം അദ്ധ്യാപകരെ നിയമിക്കുന്നതിനും സാധിക്കാതെ പോകും. ആയതിനാൽ 20 ഓളം interview Board കൾ, പി.എസ്.സിയുടെ ആസ്ഥാന ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തുന്നതു മൂലം പെട്ടെന്ന് interview പൂർത്തിയാക്കാനും Rank list പ്രസിദ്ധീകരിക്കാനും സാധിക്കും. ഈ സാഹചര്യം പ്രത്യേകം കമ്മീഷൻ ചർച്ച ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് കൂടി അനുകൂലമാണെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് ഈ തീരുമാനം കൈക്കൊണ്ടത്. |
| (സി) | സാധാരണയായി ജില്ലാതല നിയമനത്തിനുള്ള തസ്തികകളുടെ ഇന്റർവ്യൂ ഇപ്രകാരം ജില്ലക്ക് പുറത്ത് നടത്താറുണ്ടോ; ഉണ്ടെങ്കിൽ ധാരാളം ഉദ്യോഗാർത്ഥികൾ ഉള്ള അവസരത്തിൽ കേന്ദ്ര ഓഫീസിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ജില്ലാതലത്തിൽ ഇന്റർവ്യൂ നടത്താനുള്ള നടപടികൾ സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ